LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ജൂലൈ 23, ബുധൻ

നിയമസഭ 2003 ജൂവായ് മാസം 23-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ... ഓർഡർ ..... ചോദ്യം നമ്പർ 668

ആദിവാസികൾക്ക് നൽകാൻ വനഭൂമി വിട്ടുകിട്ടുന്നതിനുള്ള വ്യവസ്ഥകൾ

1 (*668) ശ്രീ. മത്തായി ചാക്കോ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസംഘവുമായി ആദിവാസികൾക്ക് നൽകാൻ വനഭൂമി വിട്ടുകിട്ടുന്നതിനുള്ള വ്യവസ്ഥകൾ ചർച്ച നടത്തിയപ്പോൾ എന്തെല്ലാം സംഗതികൾ ധാരണയിലെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ധാരണയുടെ അടിസ്ഥാനത്തിൽ വനഭൂമി വിട്ടുകിട്ടുന്നതിന് കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുള്ള എന്തെല്ലാം നിർദ്ദേശങ്ങൾ സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കേണ്ടതായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; എത്ര ഏക്കർ വനഭൂമി ഏതെല്ലാം സ്ഥലങ്ങളിൽ വിട്ടുകിട്ടുമെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇന്നത്തെ നിലയിൽ ഭൂരഹിത ആദിവാസികൾക്ക് സർക്കാർ വാഗ്ദാനമനുസരിച്ചുള്ള ഭൂമി എന്നത്തേക്ക് പൂർണ്ണമായും നൽകുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽപ്പെടുന്ന സ്ഥലങ്ങൾ കേന്ദ്രസംഘം പരിശോധിച്ചപ്പോൾ ചില പ്രദേശങ്ങൾ പരിസ്ഥിതി പ്രാധാന്യമുള്ള നിബിഡവനമുള്ളതായി കാണുകയും, ഈ സാഹചര്യത്തിൽ ഇത്തരത്തിലുള്ള വനപ്രദേശങ്ങൾ ഒഴിവാക്കിക്കൊണ്ടും നിബിഡമല്ലാത്തതും മനുഷ്യവാസ പ്രദേശങ്ങളോടു ചേർന്നുകിടക്കുന്നതുമായ ചില വനപ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും പുതുക്കിയ അപേക്ഷ നൽകാൻ ധാരണയായിട്ടുണ്ട്.

(ബി) ഇത്തരം ആവശ്യങ്ങൾക്ക് ഇനിമേലിൽ വനഭൂമിയോ/നിക്ഷിപ്ത വനഭൂമിയോ സർക്കാർ ആവശ്യപ്പെടരുതെന്നും പ്രൊപ്പോസൽ അംഗീകരിച്ചാൽ പാരിസ്ഥിതികമായി ദുർബല വനപ്രദേശമായി വനംവകുപ്പിന്റെ കീഴിൽ ലഭ്യമായിട്ടുള്ള ഉദ്ദേശം 11,000 ഹെക്ടർ സ്ഥലത്ത് 10 വർഷത്തിനകം ബദൽ വനവൽക്കരണം നടത്തി പ്രസ്തുത പ്രദേശങ്ങളുടെ വനസാന്ദ്രത 0.4-നു മുകളിൽ എത്തിക്കുക, ബാക്കി വരുന്ന വനഭൂമിയുടെ ഇരട്ടി വിസ്തീർണ്ണമുള്ള പ്രക്ഷീണ വനപ്രദേശത്ത് ബദൽ വനവൽക്കരണം നടത്തുക, കൈമാറ്റം ചെയ്യപ്പെടുന്ന നിക്ഷിപ്ത വനഭൂമിയിൽ 30 ഡിഗ്രിയിലധികം ചരിവു വരുന്ന സ്ഥലങ്ങളിൽ വൃക്ഷവിളകൾ മാത്രം വച്ചുപിടിപ്പിക്കുക എന്നീ വ്യവസ്ഥകൾ സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കേണ്ടതുണ്ട്. എത്ര ഏക്കർ വനഭൂമി ഏതെല്ലാം സ്ഥലങ്ങളിൽ വിട്ടുകിട്ടുമെന്ന് അറിവായിട്ടില്ല. ഇതുകൂടാതെ സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിയുടെ വിശദാംശങ്ങൾ, സംസ്ഥാനത്ത് ഭൂപരിഷ്കരണ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്ന വിവരങ്ങളും കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. പുനരധിവസിക്കപ്പെട്ട ആദിവാസികൾക്ക് വനസംരക്ഷണവുമായി ബന്ധപ്പെട്ട് എന്ത് കടമകൾ നിർവഹിക്കാൻ കഴിയുമെന്നും വ്യക്തമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ പക്കലുള്ള ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. വിവിധ വകുപ്പുകളുടെ കീഴിലുള്ള പ്രോജക്ട് വക ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുവരുന്നുണ്ട്. ആറളം ഫാമിന്റെ വകയായുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. വനഭൂമി വിട്ടുകിട്ടുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ അനുമതി കിട്ടുന്ന മുറയ്ക്ക് കഴിയുന്നത്ര വേഗം ഭൂമി വിതരണം ചെയ്യുന്നതാണ്. ഈ സാഹചര്യത്തിൽ വാഗ്ദാനം അനുസരിച്ചുള്ള ഭൂമി ആദിവാസികൾക്ക് എന്നത്തേക്ക് പൂർണ്ണമായും നൽകുവാൻ സാധിക്കുമെന്ന് ഇപ്പോൾ പറയുവാൻ നിർവാഹമില്ല.

ശ്രീ. മത്തായി ചാക്കോ : സർ, 12.196 ഹെക്ടർ ഭൂമി ഭൂരഹിത ആദിവാസികൾക്ക് പതിച്ചുകൊടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ ക്ലിയറൻസിനുവേണ്ടി കേരളാ ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നു. പക്ഷേ കേന്ദ്ര ഗവൺമെന്റിന്റെ സംഘം കേരളത്തിൽ വന്ന് തിരിച്ചുപോയിട്ട് ഈ ഡിമാന്റ് പൂർണ്ണമായി അംഗീകരിക്കാൻ സന്നദ്ധമായിട്ടില്ല. ഈ പശ്ചാത്തലത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

സ്വാതന്ത്ര്യത്തിന് മുൻപും പിൻപുമായി ടാറ്റയുൾപ്പെടെയുള്ള സ്വകാര്യ വ്യക്തികൾക്കും കമ്പനികൾക്കും ലീസിനു കൊടുത്തിരുന്ന ഗവൺമെന്റ് ഭൂമി തിരിച്ചു പിടിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഡോ. എം.എ. കുട്ടപ്പൻ : സർ, ചോദ്യത്തിന്റെ ആദ്യ ഭാഗം കേരളം സമർപ്പിച്ച 12.196 ഹെക്ടർ ഭൂമിയുടെ കാര്യം കേന്ദ്ര സംഘം അംഗീകരിച്ചിട്ടില്ല എന്നുള്ളതാണ്. കേന്ദ്ര സംഘം സ്ഥലം പരിശോധിച്ചപ്പോൾ നമ്മൾ പ്രൊപ്പോസ് ചെയ്ത ചില പ്രദേശങ്ങൾ വനപ്രദേശങ്ങളാണ്. അതൊക്കെ ഒഴിവാക്കിക്കൊണ്ട് പുതിയ പ്രൊപ്പോസൽ കൊടുക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു. ആ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികളുണ്ടാകുമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. കേന്ദ്രം ഇത് അംഗീകരിക്കില്ല എന്നുള്ള ധാരണയുണ്ടാകേണ്ടതില്ല. രണ്ടാമത് പറഞ്ഞ കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

ശ്രീ. മത്തായി ചാക്കോ : സർ, ആദിവാസി ക്ഷേമസമിതിയുൾപ്പെടെയുള്ള ആദിവാസി സംഘടനകളുമായി ഗവൺമെന്റ് നടത്തിയ ചർച്ചകളെത്തുടർന്ന് 2001 ഡിസംബർ 31-നകം ഭൂരഹിത ആദിവാസി കുടുംബങ്ങൾക്ക് അഞ്ച് ഏക്കർ ഭൂമി പതിച്ചുനൽകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പട്ടികജാതി പട്ടികക്ഷേമ വകുപ്പു മന്ത്രിയും ഈ സഭയ്ക്ക് ഉറപ്പ് നൽകിയതാണ്. ഈ വാഗ്ദാനത്തിൽ ഗവൺമെന്റ് ഇപ്പോഴും ഉറച്ചു നിൽക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഒരു ക്ലിയർ കട്ട് ഡേറ്റ് വച്ച് ഇന്ന തീയതിക്കുള്ളിൽ കൊടുത്തിരിക്കുമെന്ന് ഉറപ്പ് നൽകാൻ ഗവൺമെന്റ് സന്നദ്ധമാകുമോ ?

ഡോ. എം. എ. കുട്ടപ്പൻ : സർ, ഈ കാര്യം പലപ്രാവശ്യം വ്യക്തമാക്കിയതാണ്. ലഭ്യമായ സ്ഥലങ്ങളിൽ ഒരേക്കർ മുതൽ അഞ്ചേക്കർ വരെ കൊടുക്കുമെന്നാണ് പറഞ്ഞിരുന്നത്. അതല്ലാതെ എല്ലാപേർക്കും അഞ്ച് ഏക്കർ ഭൂമി ഗവൺമെന്റ് വാഗ്ദാനം ചെയ്തിട്ടില്ല. കഴിയുന്നത്ര നേരത്തെ കൊടുക്കും, കൃത്യമായ ഡേറ്റ് പറയാൻ ഇപ്പോൾ സാദ്ധ്യമല്ല.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ആദിവാസികൾക്ക് ഭൂമി നൽകുന്നതിനു വേണ്ടി ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും തോട്ടങ്ങൾ ഏറ്റെടുത്ത് വിതരണം ചെയ്യാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഡോ. എം. എ. കുട്ടപ്പൻ : സർ, കേന്ദ്രത്തിൽ നിന്നുവന്ന ഫോറസ്റ്റ് അഡ്വൈസറി കമ്മിറ്റി ശുപാർശ ചെയ്തതുപോലെ ജനവാസ യോഗ്യമായ സമീപവന പ്രദേശങ്ങൾ കണ്ടെത്തി, അതുപോലെ വനപ്രദേശമൊഴിവാക്കി പുതിയ പ്രൊപ്പോസൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഏതൊക്കെ ഭൂമിയാണെന്നുള്ളത് കൃത്യമായി അറിയില്ല. ഏതായാലും ഫോറസ്റ്റ് വകുപ്പ് കഴിഞ്ഞ രണ്ട് മൂന്ന് ആഴ്ചകൊണ്ട് നിരന്തരമായി ജോലി ചെയ്തു കൊണ്ടിരിക്കുകയാണ്. ഇന്നും നാളെയുമായി ഇത് പൂർത്തിയാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കും. വരുന്ന 29-ാം തീയതി കേന്ദ്രഫോറസ്റ്റ് അഡ്വൈസറി കമ്മിറ്റി കൂടുമ്പോൾ ഇത് മിക്കവാറും അംഗീകരിക്കപ്പെടുമെന്നാണ് ഗവൺമെന്റിന്റെ പ്രതീക്ഷ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, എന്റെ ചോദ്യമതല്ല നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന തോട്ടങ്ങൾ ഏറ്റെടുത്ത് ആദിവാസികൾക്ക് കൊടുക്കാൻ വേണ്ടിയുള്ള ഒരു പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത് അതിന്റെ വിശദാംശം വെളിപ്പെടുത്താമോ.

ഡോ. എം. എ. കുട്ടപ്പൻ : അത് പ്രത്യേകം പരിശോധിക്കേണ്ട വിഷയമാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, 1980-ന് മുൻപുതന്നെ നമ്മുടെ സംസ്ഥാനത്ത് ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിരുന്നു. 1971-ൽ കൊണ്ടുവന്ന നിയമമനുസരിച്ചാണ് ആദിവാസികളെ പുനരധിവസിപ്പിക്കാൻവേണ്ടി നടപടികൾ സ്വീകരിച്ചത്. എന്നാൽ 1980-ൽ ഫോറസ്റ്റ് കൺസർവേഷൻ ആക്റ്റ് വന്നതിനുശേഷം ഈ പ്രോജക്ടുകൾ എല്ലാംതന്നെ ആദിവാസികളുടെ സഹകരണ സംഘങ്ങളിൽ നിലനിൽക്കുകയായിരുന്നു. എന്നാൽ ആ സഹകരണ സംഘങ്ങളെല്ലാം പിരിച്ചുവിടാനും അത്തരം ഭൂമി വനത്തിൽ നിക്ഷിപ്തമാക്കി മാറ്റാനും തീരുമാനിച്ചിരിക്കുകയാണ്. പത്തിരുപത്തിയഞ്ച് വർഷത്തിലധികമായി ആദിവാസികളുടെ കൈവശമുള്ള ഭൂമി ഇപ്പോൾ ഈ പ്രോജക്ടുകളെല്ലാം പിരിച്ചുവിട്ടതിന്റെ ഫലമായി വനഭൂമിയായി മാറ്റാൻ ഗവൺമെന്റ് തീരുമാനിച്ചു. അതിന്റെ അർത്ഥം ആദിവാസികളുടെ കൈയിലുണ്ടായിരുന്ന ഭൂമി വീണ്ടും വനഭൂമിയാക്കി മാറ്റുകയാണ് എന്നാണ്. അതിന്റെ ഫലമായി ആദിവാസികളുടെ കൈയിലുണ്ടായിരുന്ന ഭൂമി നഷ്ടപ്പെടുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടായിരിക്കുകയാണ്. അതുകൊണ്ട് ആ തീരുമാനം പുനഃപരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ.

ഡോ. എം. എ. കുട്ടപ്പൻ : സർ ഈ ചോദ്യം ഒരു തെറ്റിദ്ധാരണ മൂലമുണ്ടായിട്ടുള്ളതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് സുഗന്ധഗിരി ഉദ്ദേശിച്ചാണെന്ന് ഞാൻ മനസ്സിലാക്കുന്നു. സുഗന്ധഗിരിയിലെ പ്രോജക്ട് ഭൂമി അവിടെ പാർക്കുന്ന ആദിവാസികൾക്ക് കൊടുക്കാമെന്ന് സർക്കാർ വാഗ്ദാനം ചെയ്തിട്ടുണ്ട്. അങ്ങനെ കൊടുക്കണമെങ്കിൽ ആ സൊസൈറ്റി പിരിച്ചുവിട്ടേ മതിയാകൂ. പിരിച്ചുവിട്ടു കഴിഞ്ഞാൽ അതിന്റെ കൈവശാവകാശം അവർക്കുതന്നെയാണ്. ആ ഭൂമിയെ സംബന്ധിച്ചുള്ള സർവ്വേ ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. അവിടത്തെ മരങ്ങളുടെ നമ്പരിട്ടുകൊണ്ടിരിക്കുകയാണ്. അതുകൂടി പൂർത്തിയായാൽ 467 കുടുംബങ്ങൾക്ക് അതിന്റെ കൈവശരേഖ ഉടനെ കൊടുക്കുകതന്നെ ചെയ്യും. പട്ടയം കിട്ടണമെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമാണ്. സംസ്ഥാന ഗവൺമെന്റിന് പട്ടയം കൊടുക്കാൻ സാധിക്കുകയില്ല. പട്ടയം കിട്ടണമെങ്കിൽ വനം വകുപ്പ് പ്രൊപ്പോസൽ കൊടുക്കണം. അതുകൊണ്ടാണ് പട്ടയം കൊടുക്കണമെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി വേണമെന്ന് വനം വകുപ്പുമന്ത്രി പറഞ്ഞത്. അടുത്ത് ആഗസ്റ്റ് മാസത്തിലോ സെപ്റ്റംബർ മാസത്തിലോ കൈവശാവകാശം കൊടുക്കാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ, 1971-ൽ നിയമസഭ പാസ്സാക്കിയ നിയമമനുസരിച്ച് ഏറ്റെടുത്ത ഭൂമി പകുതി ആദിവാസികൾക്ക് പതിച്ചു കൊടുക്കാൻ വ്യവസ്ഥയുണ്ടായിരുന്നെങ്കിലും 1980-ൽ കേന്ദ്ര വനസംരക്ഷണ നിയമം വന്നതോടുകൂടി, മന്ത്രിമാർ മറുപടി പറഞ്ഞിട്ടുണ്ടെങ്കിലും ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കാനുള്ള കേന്ദ്രാനുമതിയുടെ സ്ഥിതി വളരെ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ആദിവാസികൾക്ക് ഭൂമി നൽകാൻവേണ്ടി മറ്റ് ഭൂമികൾ കണ്ടെത്തുന്നതിൽ എന്തെങ്കിലും കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ.

ഡോ. എം. എ. കുട്ടപ്പൻ : സർ, കേന്ദ്രത്തിൽ നിന്നും കിട്ടുമെന്ന് പ്രതീക്ഷിക്കുന്ന ഭൂമിയ്ക്കു പുറമെ ചീഫ് സെക്രട്ടറി മുൻകൈയെടുത്ത് ജില്ലാ കളക്ടർമാരുടേയും വകുപ്പു സെക്രട്ടറിമാരുടേയും തലത്തിൽ യോഗം വിളിച്ചു കൂട്ടി വനഭൂമി കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചു. കുറെയേറെ ഭൂമി ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. അതിൽ ചിലതിൽ തർക്കമുണ്ട്, ചിലതിൽ തർക്കമില്ല. എങ്ങനെയും കുറെ ഭൂമി കണ്ടെത്തി ഈ പ്രശ്നം പരിഹരിക്കാനുള്ള ശ്രമം പാരലലായി നടന്നുവരികയാണ്.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ, ആദിവാസികൾക്ക് അഞ്ചേക്കർ ഭൂമി നൽകുന്നതിനുവേണ്ടിയുള്ള പ്രഖ്യാപനം നടത്തുന്നത് യഥാർത്ഥത്തിൽ ഈ കാര്യത്തിൽ സർക്കാർ വേണ്ടത്ര പണം നൽകാത്തതുകൊണ്ടാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന് ആദ്യത്തെ ഒരു വർഷക്കാലം ഈ ഭൂമിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള യാതൊരു നടപടിയും സർക്കാർ നീക്കിയിരുന്നില്ല. ശ്രീ. സുരേഷ് ബാബു, ശ്രീ. ടി. ആർ. ബാലു എന്നിവരുമായി മുൻ സർക്കാർ ചർച്ചകൾ നടത്തിയിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ആദ്യത്തെ വർഷം ബ്ലാങ്കായ ഒരു പ്രവർത്തനമാണ് നടന്നത്. അതുകൊണ്ടാണ് അഞ്ചേക്കർ കൊടുക്കും എന്ന പ്രഖ്യാപനം സർക്കാർ നടത്തിയത്. ഇപ്പോൾ ഈ കാര്യത്തിൽ എന്തുനടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ.

ഡോ. എം. എ. കുട്ടപ്പൻ : സർ സർക്കാർ കൈവശമുള്ള ഭൂമി കൊടുത്തു കൊണ്ടിരിക്കുകയാണ് എന്ന് ഞാൻ പറഞ്ഞല്ലോ. ഏതാണ്ട് 2500 ഏക്കർ ഭൂമി കൊടുത്തുകഴിഞ്ഞിരിക്കുന്നു. ഇതു കൂടാതെ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ഭൂമി കൊടുക്കാൻ നടപടി നടന്നുകൊണ്ടിരിക്കുകയാണ്. അതിനു പുറമേയാണ് കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന്റെ അനുമതിയോടുകൂടി ഫോറസ്റ്റ് ലാന്റ് കൊടുക്കാനുള്ള നടപടി വളരെ ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നത്. അതിനു പുറമേ ചീഫ് സെക്രട്ടറി ചെയർമാനായുള്ള ഒരു സമിതി ചേർന്ന് കുറേ ഭൂമി കൂടി കണ്ടെത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എങ്ങനെയും ഈ പ്രശ്നം പരിഹരിക്കും.

ശ്രീ. എം. വി. ജയരാജൻ : സർ, ഇത്തരത്തിൽ വീണ്ടും വീണ്ടും ചോദിക്കുന്നതു തന്നെ ഈ പ്രശ്നം പരിഹരിക്കാത്തതുകൊണ്ടാണ്. ഈ ചോദ്യം ആവർത്തിക്കുന്നതുകൊണ്ടുള്ള അങ്ങയുടെ പ്രയാസം ഞങ്ങൾക്ക് മനസ്സിലാകും.

ചോദ്യം 'സി' ക്കുള്ള മറുപടിയായി ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുമന്ത്രി പറഞ്ഞത്, ഈ സാഹചര്യത്തിൽ വാഗ്ദാനം അനുസരിച്ചുള്ള ഭൂമി ആദിവാസികൾക്ക് എന്നത്തേക്ക് കൊടുക്കുമെന്ന് പൂർണ്ണമായി പറയാൻ സാധിക്കില്ല എന്നാണ്. ആദിവാസികളുടെ ഭൂപ്രശ്നം ഈ വർഷം തന്നെ പരിഹരിക്കാൻ നടപടി സ്വീകരിക്കുമെന്നാണ് അദ്ദേഹം വ്യക്തമാക്കിയത്. ഈ ഗവൺമെന്റ് മുത്തങ്ങ സംഭവത്തിനുശേഷം മാർച്ച് മാസം 1-ാം തീയതിയിൽ പ്രസിദ്ധീകരിച്ച പ്രസിദ്ധീകരണത്തിൽ പറയുന്നത്. ഏപ്രിൽ, മേയ്, ജൂൺ മാസങ്ങൾക്കകം 1840 ഏക്കർ ഭൂമി വിതരണം ചെയ്യാൻ ഊർജിതമായ നടപടി ഉണ്ടാകുമെന്നാണ്. സുഗന്ധഗിരി, പൂക്കോട് പ്രോജക്ടുകളുടേത് യഥാക്രമം 3705, 1,037 ഏക്കർ ഭൂമി ആദിവാസികൾക്ക് നൽകുന്ന നടപടിയാണ്. ഈ കാര്യത്തിൽ എന്തു നടപടിയാണ് മൂന്നുമാസത്തിനകം സ്വീകരിച്ചത് ; എത്ര ഏക്കർ ഭൂമി ഇതിൻ പ്രകാരം കൊടുത്തു ?

ഡോ. എം. എ. കുട്ടപ്പൻ : സർ, എന്നത്തേക്ക് കൊടുക്കുമെന്ന് കൃത്യമായി ഡേറ്റ് പറയാൻ സാധിക്കില്ല എന്നാണ് പറഞ്ഞത്. ഈ സർക്കാരിന്റെ കാലത്തു തന്നെ അത് കൊടുക്കും. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് സുഗന്ധഗിരിയുടേയും പൂക്കോടിന്റേയും കാര്യമാണ്. ഇതിലെ പ്രശ്നമെന്ന് പറയുന്നത് ഈ ഭൂമി മുഴുവനും സർവ്വേ നടത്തണം. കുറച്ച് ഭൂമി സർവ്വേ പ്രകാരം വിട്ടിരിക്കുകയാണ്. ആ സർവ്വേ മുഴുവനും പൂർത്തിയാക്കാൻ കഴിഞ്ഞിരിക്കുന്നു. എന്നിരുന്നാലും അതിലുള്ള മരങ്ങളുടെ നമ്പർ ഇടണം. ഇപ്പോൾ മഴക്കാലമാണ്. ആ വനത്തിൽ പാമ്പുണ്ട്, അട്ടയുണ്ട്. ഏതായാലും ആഗസ്റ്റ് 15-ഓടുകൂടി ആ വർക്ക് പൂർത്തിയായിക്കഴിഞ്ഞാൽ ഉടനെതന്നെ അവർക്ക് ലാന്റ് കൊടുക്കും. അത് ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതിന് ആവശ്യമായ പണം കൊടുത്തുകഴിഞ്ഞിരിക്കുന്നു.

ശ്രീ. എം. വി. ജയരാജൻ : സർ, ഏതായാലും സുപ്രീം കോടതി നിയോഗിച്ച കമ്മിറ്റിയുടെ അദ്ധ്യക്ഷനായി ശ്രീ. പി. വി. ജയകൃഷ്ണൻ ഈ പറയുന്ന വനഭൂമിയുടെ പരിശോധനയ്ക്ക് ഇവിടെ വന്നു. ഇപ്പോൾ വന്നിട്ടുള്ള കേന്ദ്ര സർക്കാർ നിയോഗിച്ച ഉദ്യോഗസ്ഥൻമാരുടെ സംഘം വരുന്നതിനു മുൻപാണ് ജയകൃഷ്ണൻ കമ്മിറ്റി ഇവിടെ വന്നത്. സുപ്രീം കോടതിയുടെ തീരുമാനം അനുസരിച്ച് ഈ കമ്മിറ്റി സുപ്രീം കോടതിയിൽ ഒരു റിപ്പോർട്ട് കൊടുത്തു. ആ റിപ്പോർട്ടിൽ പറയുന്നത് വനേതര ഭൂമി മാത്രമേ ആദിവാസികൾക്ക് കൊടുക്കാൻ പാടുള്ളൂ എന്നാണ്. അങ്ങനെ വരുമ്പോൾ സുപ്രീം കോടതിയിൽ നമ്മുടെ സംസ്ഥാനത്തിന്റെ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടി കക്ഷി ചേരാനോ, സുപ്രീം കോടതി നിയോഗിച്ച കമ്മിറ്റിയുടെ തീരുമാനം നടപ്പിലാക്കത്തക്ക വിധത്തിൽ കോടതിയിൽ നമ്മുടെ പക്ഷം വാദിക്കാനോ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന്റെ മറവിൽ ഇനി നമുക്ക് വനഭൂമി ലഭിക്കാതിരിക്കാനാണ് സാദ്ധ്യത എന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിച്ച് നടപടി സ്വീകരിക്കാമോ.

LIBRARY ARCHIVES' Kerala Legislative Assembly

ഡോ. എം. എ. കുട്ടപ്പൻ : സർ, ജയകൃഷ്ണൻ കമ്മിറ്റിയെ സംബന്ധിച്ചുള്ള കാര്യം എനിക്ക് അറിയില്ല. പ്രത്യേകിച്ച് അതിനെക്കുറിച്ച് ചോദിച്ചാലേ അറിയാൻ സാധിക്കുകയുള്ളൂ. കേന്ദ്ര വനം വകുപ്പിനെ സംബന്ധിച്ചിടത്തോളം അനുകൂലമായ തീരുമാനം ഉണ്ടാകുമെന്നുതന്നെയാണ് കാണുന്നത്. എന്തുകൊണ്ടെന്നാൽ മുഖ്യമന്ത്രിയുമായും പ്രധാനമന്ത്രിയുമായും അതുപോലെ കേന്ദ്ര വനം വകുപ്പു മന്ത്രിയുമായും സംസാരിച്ചതിന്റെയടിസ്ഥാനത്തിൽ ഒരു അനുകൂല സാഹചര്യം ഉണ്ടാകുമെന്ന് തോന്നുന്നു. എന്നു മാത്രമല്ല, കേന്ദ്ര വനം ഉപദേശക സമിതി കേരളത്തിൽ വന്നപ്പോൾ ബഹുമാന്യനായ മുഖ്യമന്ത്രിയുമായും വനം വകുപ്പുമന്ത്രിയുമായും ഞാനും ഒരു ചർച്ച നടത്തുകയുണ്ടായി. ഈ ചർച്ചയിൽ നമുക്കുണ്ടായ ധാരണ, റിവൈസ്ഡ് പ്രൊപ്പോസൽ കൊടുത്തു കഴിഞ്ഞാൽ അനുകൂലമായ നടപടി ഉണ്ടാകുമെന്നാണ്. കഴിഞ്ഞ ജൂലായ് മാസം 1-ാം തീയതി കേന്ദ്ര വനം പരിസ്ഥിതി വകുപ്പുമന്ത്രി ശ്രീ. ടി.ആർ. ബാലു എനിക്ക് കത്തയച്ചിട്ടുണ്ട്. ആ കത്തിലെ സൂചന വച്ചുകൊണ്ട് പറയാൻ കഴിയുന്നത് റിവൈസ്ഡ് പ്രൊപ്പോസൽ കിട്ടിക്കഴിഞ്ഞാൽ തുടർ നടപടി ഉണ്ടാകുമെന്നാണ്. ആ കത്ത് ഞാൻ വായിക്കാം. "Therefore the Committee has advised the State Government to modify the proposal. Further action in the matter would be taken on receipt of the revised proposal" പ്രൊപ്പോസൽ തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. പ്രൊപ്പോസൽ കിട്ടിയാലേ നടപടി ഉണ്ടാകുകയുള്ളൂ എന്നാണ് ശ്രീ. ടി. ആർ. ബാലു എനിക്കയച്ച കത്തിൽ വ്യക്തമാക്കിയത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ഇത് കൊടുത്തു തീർക്കും എന്നുള്ളതാണ്. കാരണം ജാനുവും സംഘവും മുത്തങ്ങയിൽ പോയി ഇനിയും ഒരു സമരത്തിലേക്ക് ഇറങ്ങാത്ത തരത്തിൽ അവസരം ഉണ്ടാക്കാതെ ഇത് എന്ന് കൊടുത്തു തീർക്കും എന്ന് കാറ്റഗറിക്കലായിട്ട് ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്നും മറുപടി കിട്ടിയില്ല. അത് തീർച്ചയോടുകൂടി ഒന്ന് പറയുമോ ?

ഡോ. എം. എ. കുട്ടപ്പൻ : ബഹുമനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ആശങ്ക ഞാൻ മനസ്സിലാക്കുന്നു. ഈ കാര്യത്തിൽ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് മാത്രമേ പറയാൻ കഴിയുകയുള്ളൂ. കൃത്യമായി അതിന്റെ ഡേറ്റ് പറയാനാവില്ല. കാരണം വിവിധ വകുപ്പുകൾ ഒട്ടേറെ നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. ആ കാര്യത്തിൽ ഗവൺമെന്റ് അല്പം പോലും അനാസ്ഥ കാണിക്കാതെ പോയിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ കാലത്തു തന്നെ ഈ പ്രശ്നത്തിന് പരിഹാരമുണ്ടായിരിക്കും എന്നു മാത്രമേ ഇപ്പോൾ പറയാൻ ആവുകയുള്ളൂ.

ശ്രീ. സി. പി. മുഹമ്മദ് : സർ, ആദിവാസികളുടെ ഭൂമി പ്രശ്നം പരിഹരിക്കുന്നതിനും ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനും ഇൻഡ്യൻ ഭരണഘടനയുടെ 5-ാം ഷെഡ്യൂളിൽ കേരളം, കർണ്ണാടകം, ബംഗാൾ മുതലായ സംസ്ഥാനങ്ങളിൽ ഉൾപ്പെടുന്നവർക്ക് ആർട്ടിക്കിൾ 243 (എം)-ന്റെ തണലിൽ ഉണ്ടായ ഭൂരിയാ കമ്മിറ്റി 1995-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടും ഒരു വർഷത്തിനകം അത് നടപ്പാക്കുമെന്ന് നിർദ്ദേശിച്ചിട്ടും ഇന്നേവരെ അതിന് ഫലം ഉണ്ടായില്ല. ഈ കാര്യത്തിൽ ഗവൺമെന്റ് എന്താണ് ഇതുവരെ ചെയ്തത് എന്ന് വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എം. എ. കുട്ടപ്പൻ : ദിലീപ് സിംഗ് ഭൂരിയാ കമ്മിറ്റി ശുപാർശ അതായിരുന്നു. ഭരണഘടന നിലവിൽ വന്ന കാലം മുതൽ ഇൻഡ്യയിൽ 5-ാം പട്ടികയുണ്ട്. പക്ഷേ 1995-1996-ലെ പഞ്ചായത്ത് നിയമം വന്നപ്പോൾ പട്ടിക പ്രദേശത്ത് നടപ്പാക്കാൻ ബുദ്ധിമുട്ട് വന്നു. ആ സാഹചര്യത്തിലാണ് ദേശീയ പട്ടികജാതി കമ്മീഷൻ ചെയർമാനായ ദിലീപ് സിംഗ് ഭൂരിയാ കമ്മിറ്റിയിൽ ശുപാർശ നടത്തിയത്, ഇപ്രകാരമുള്ള 5-ാം പട്ടികയിൽപ്പെടുന്ന പ്രദേശത്ത് പഞ്ചായത്ത് രാജ് നിയമത്തിൽ Extensive Tribal Areas എന്നു പറയുന്ന ഒരു പുതിയ നിയമം ഉണ്ടാക്കി നടപ്പാക്കാൻ ആവശ്യപ്പെട്ടത്. അത് ഇൻഡ്യയിൽ പല സ്ഥലത്തും ഉണ്ട്. പക്ഷേ അങ്ങ് സൂചിപ്പിച്ചതുപോലെ കർണ്ണാടകയിലും തമിഴ്നാട്ടിലും കേരളത്തിലും ഇല്ല. എന്നാൽ ആന്ധ്ര പോലുള്ള സംസ്ഥാനത്ത് ഉള്ളതാണ്. അതുകൊണ്ട് ഇത് 5-ാം പട്ടികയിൽപ്പെടുത്തുന്ന കാര്യത്തിൽ കേന്ദ്രത്തിന്റെ ശുപാർശ ഉണ്ടായിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ആദിവാസികളുടെ അന്യാധീനപ്പെട്ടുപോയ ഭൂമി അവർക്കു തന്നെ തിരിച്ചു കൊടുക്കുന്നതിനുവേണ്ടി അടിയന്തരാവസ്ഥക്കാലത്താണ് നിങ്ങൾ ഒരു നിയമം കൊണ്ടുവന്നത്. അതു പ്രകാരം ഒരു തുണ്ട് ഭൂമി പോലും ആദിവാസികൾക്ക് കിട്ടുകയില്ല എന്ന പശ്ചാത്തലത്തിലാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അന്യാധീനപ്പെട്ടുപോയ ഭൂമിക്കുപകരം തത്തുല്യമായ ഭൂമി ആദിവാസികൾക്ക് പൊന്നും വിലയ്ക്ക് കൊടുക്കാനും ആദിവാസികൾക്ക് ചുരുങ്ങിയത് ഒരേക്കർ ഭൂമി ആക്കിക്കൊണ്ടുള്ള ഒരു വ്യവസ്ഥ വന്നത്. ആ നിയമം നടപ്പിലാക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ശ്രമിച്ചു. അതിനുശേഷം ഗവൺമെന്റ് മാറിയപ്പോൾ ഇപ്പോൾ ആ നിയമം അതേപടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ആ നിയമത്തിന് വിരുദ്ധമായി ഇപ്പോൾ ആദിവാസികൾക്ക് ചില ഉറപ്പിൻമേൽ അഞ്ച് ഏക്കറായിട്ട് കൊടുക്കുകയും ചെയ്തു. ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; അല്ലെങ്കിൽ ആ നിയമം ദുർബലപ്പെടുത്തിയിട്ടുണ്ടോ.

ഡോ. എം. എ. കുട്ടപ്പൻ : സർ, ആ നിയമത്തിലെ ഏതാനും വകുപ്പുകൾ, കൃത്യമായി പറഞ്ഞാൽ 5, 7, 8 വകുപ്പുകൾ കേരള ഹൈക്കോടതി ക്വാഷ് ചെയ്തിരിക്കുകയാണ്. ഫലത്തിൽ അത് ഉണ്ടെന്ന് പറയാമെങ്കിൽപ്പോലും ചില വകുപ്പുകൾ ക്വാഷ് ചെയ്ത സാഹചര്യത്തിൽ നടപ്പാക്കാനുള്ള ബുദ്ധിമുട്ടുണ്ട് സി.പി.എം. ഭരിച്ച സമയത്ത് ആ നിയമം അനുസരിച്ച് 2001 മാർച്ച് മാസം 9-ന് അകം കേരളത്തിലെ മുഴുവൻ ഭൂരഹിത ആദിവാസികൾക്കും ഒരേക്കർ കൊടുക്കുമെന്നാണ്. നിയമം നടപ്പായിട്ടില്ല. എങ്കിലും ഈ ഗവൺമെന്റ് ഒരു നിയമത്തിന്റേയും പിൻബലമില്ലാതെ പ്രതിജ്ഞാബദ്ധമായി മുന്നോട്ടുപോകുക തന്നെ ചെയ്യും.

ശ്രീ. എൻ. ഡി. അപ്പച്ചൻ : സർ, ആദിവാസികൾ ഏറ്റവുമധികം താമസിക്കുന്നത് വയനാട് ജില്ലയിലാണ് ഭൂമി പ്രശ്നത്തിന്റെ പേരിൽ നിരവധി സംഘർഷങ്ങളും പ്രശ്നങ്ങളുമൊക്കെ അവിടെ ഉണ്ടായി കഴിഞ്ഞിരിക്കുകയാണ്. കേരളാ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ കൈവശമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്ളാന്റേഷൻ വയനാട്ടിലുണ്ട്. ആ സ്ഥലത്തെല്ലാം ഇന്ന് എ.കെ.എസ്-ന്റെ നേതൃത്വത്തിൽ ആദിവാസികൾ കുടിൽ കെട്ടി താമസം തുടങ്ങി. അത്തരം ഭൂമികൾ ഈ ആദിവാസികൾക്ക് കൊടുക്കുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങൾ ഗവൺമെന്റിന്റെ ആലോചനയിലുണ്ടോ ? അതോടൊപ്പം തന്നെ സുഗന്ധഗിരിയിലെ പ്രശ്നം മന്ത്രി ഇവിടെ സൂചിപ്പിച്ചതാണ്. രണ്ടു മാസമായി അവിടെ സർവ്വേ തുടങ്ങിയിട്ട് എത്രയും പെട്ടെന്ന് സർവ്വേ നടത്തി ഭൂമി അവർക്കു കൊടുക്കാനാവശ്യമായ സംവിധാനം ഉണ്ടാക്കി കൊടുക്കുന്നതോടൊപ്പം തന്നെ .....കഴിഞ്ഞ അഞ്ചു വർഷക്കാലം ഈ സംസ്ഥാനം ഭരിച്ച ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ആദിവാസികൾക്ക് ഭൂമി നൽകി എന്ന് പറഞ്ഞെങ്കിൽത്തന്നെയും ഒരു ആദിവാസിക്കുപോലും ആത്മാർത്ഥമായി ഭൂമി നൽകുന്നതിന് ശ്രമിച്ചില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമായിട്ടുതന്നെ അഞ്ചു വർഷത്തിനുള്ളിൽ ഭൂമി കൊടുക്കുമെന്ന് പറയുന്നുണ്ട്. കഴിഞ്ഞ വർഷക്കാലത്ത് ആദിവാസികളെ പറ്റിച്ചതു സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ.

ഡോ. എം. എ. കുട്ടപ്പൻ : സർ, വയനാട്ടിലെ ചില പ്ളാന്റേഷന്റെ കാര്യമാണ് സൂചിപ്പിച്ചത്. അവിടെത്തന്നെയുള്ള പ്രൈവറ്റ് ഭൂമിയാണ് സുഗന്ധഗിരി അതുപോലെ തന്നെ പൂക്കോട് ഡയറി ഫാം. ഇവ സംബന്ധിച്ച് നടപടി എടുത്തുകൊണ്ടിരിക്കുകയാണ്. അതേ സമയം, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഇത് സംബന്ധിച്ച് നടപടികൾ പൂർത്തിയാക്കുന്നു. അതുപോലെ കണ്ണൂർ ജില്ലയിലെ ആലക്കോട് എസ്റ്റേറ്റ്. 1020 ഏക്കറുണ്ട്. അത് പൂർത്തിയായി കൊണ്ടിരിക്കുകയാണ്. പല പ്രോജക്റ്റും എടുത്തുകൊണ്ടിരിക്കുന്നുണ്ട്. ചീഫ് സെക്രട്ടറി വിളിച്ചു കൂട്ടിയ യോഗത്തിൽ വയനാട്ടിലെ ചില പ്ളാന്റേഷന്റെ കാര്യം ആലോചനയിലുണ്ട്, ഫൈനൽ തീരുമാനം ആയിട്ടില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, 12,294 ഹെക്ടർ വന ഭൂമി വിട്ടു കിട്ടാനാണെന്ന് വനം മന്ത്രി ഇവിടെ പറഞ്ഞു. അങ്ങേയ്ക്ക് കിട്ടിയ, കേന്ദ്രമന്ത്രി ശ്രീ. ബാലു അയച്ച കത്തിനേക്കുറിച്ചും സൂചിപ്പിച്ചു. 17-7-2003-ൽ ഈ സഭയിൽ എനിക്കു ഗവൺമെന്റിൽ നിന്നും കിട്ടിയ നക്ഷത്ര ചിഹ്നമിട്ട ഒരു ചോദ്യത്തിന്റെ മറുപടിയിൽ പറയുന്നത് കേന്ദ്ര സർക്കാർ തീരുമാനമൊന്നും എടുത്തിട്ടില്ല എന്നാണ്. രേഖാമൂലം കിട്ടിയ മറുപടിയാണ്. മുഖ്യമന്ത്രി ഇവിടെ സ്റ്റേറ്റ്മെന്റും നടത്തിയിട്ടുണ്ട്. വനം വകുപ്പു മന്ത്രിയും ചോദ്യത്തിന് മറുപടിയായി പറഞ്ഞു. കേന്ദ്ര ഗവൺമെന്റിൽ നിന്ന് രേഖാമൂലം നമ്മുടെ സംസ്ഥാന ഗവൺമെന്റിന് ഇതു സംബന്ധിച്ചു കിട്ടിയ നിർദ്ദേശമെന്താണ് ? ഒന്നര മാസമായി ഡെലിഗേഷൻ വന്നു പോയിട്ട്. നിങ്ങൾ ബന്ധപ്പെട്ട വകുപ്പുകളെല്ലാം കൂടി ചർച്ച ചെയ്ത് ആരാണ് അതിനു നേതൃത്വപരമായി പങ്കുവഹിച്ച് പ്രൊപ്പോസൽ തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിക്കുന്നത് ? എന്നത്തേക്ക് ആ പ്രൊപ്പോസൽ സമർപ്പിക്കുമെന്ന് ഈ സഭയിൽ പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എം. എ. കുട്ടപ്പൻ : ഈ വിഷയം സംബന്ധിച്ച് മുഖ്യമന്ത്രിയും ഫോറസ്റ്റ് വകുപ്പും അതുപോലെ പട്ടികജാതി വികസന വകുപ്പും നിരന്തരമായി ചർച്ച നടത്തിയതാണ്. അതിന്റെയൊക്കെ അടിസ്ഥാനത്തിൽ നമുക്കു കിട്ടിയ ധാരണ റിവൈസ്ഡ് പ്രൊപ്പോസൽ കൊടുക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുമെന്നാണ് രേഖാമൂലമായി ഇത്ര ഹെക്ടർ ഭൂമി അനുവദിച്ചു എന്ന വിവരം നമുക്ക് കിട്ടിയിട്ടില്ല. റിവൈസ്ഡ് പ്രൊപ്പോസൽ കൊടുക്കാൻ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ രണ്ട് മൂന്ന് ആഴ്ചയായി ഫോറസ്റ്റ് വകുപ്പിലെ ഉദ്യോഗസ്ഥർ നിരന്തരമായ പ്രവർത്തനത്തിലാണ്. ഒലവക്കോട് ഫോറസ്റ്റ് കൺസർവേറ്റർ, കണ്ണൂർ, തുടങ്ങിയവരുടെയൊക്കെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. ഈ പ്രൊപ്പോസലിന്റെ അവസാന മിനുക്കു പണി ഇന്നോ നാളെയോ പൂർത്തിയാകും. 29-ാം തീയതിയിലെ യോഗത്തിൽ അത് പ്രസന്റ് ചെയ്യുകയും ചെയ്യും. 29-ാം തീയതി ഡൽഹിയിൽ യോഗം ചേരാൻ പോവുകയാണ്. അവിടെ കൊടുക്കത്തക്ക വിധത്തിൽ പ്രൊപ്പോസൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അതാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, എന്റെ നിയോജക മണ്ഡലത്തിലെ അട്ടപ്പാടി പ്രദേശത്തെ വരട്ടിമല, വെച്ചപ്പതി, വെള്ളകുളം, കോടത്തറയിലെ ശങ്കരപ്പ കൗണ്ടറുടെ ഭൂമി ഇതൊക്കെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവർക്കു പതിച്ചുകൊടുത്തതാണ്. പക്ഷേ അവിടെ ഒരു തൃണംപോലും ഇപ്പോൾ മുളയ്ക്കുന്നില്ല. ഇപ്പോൾ വീണ്ടും ഈ ആദിവാസികൾക്ക് ഐഡന്റിഫൈ ചെയ്തു കൊടുത്ത ഭൂമി വട്ടരിക്കി ഫാമും അതുപോലെതന്നെ നിർദ്ദിഷ്ട വനഭൂമിയായി ഐഡന്റിഫൈ ചെയ്തിരിക്കുന്നത് കാവുണ്ടിക്കല്ല് ഭൂമിയുമാണ്. അട്ടപ്പാടിയിൽ 3500 മില്ലി മീറ്റർ മഴ കിട്ടുന്നപ്രദേശവുമുണ്ട്, 900 മില്ലി മീറ്റർ മഴ കിട്ടുന്ന പ്രദേശവുമുണ്ട്. 900 മില്ലി മീറ്റർ മഴ കിട്ടുന്ന പ്രദേശമാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിതരണം ചെയ്തത് നമ്മുടെ കാലത്തും ആലോചിക്കുന്നത് 900 മില്ലി മീറ്റർ മഴ കിട്ടുന്ന പ്രദേശമാണ്. അതുകൊണ്ട് അട്ടപ്പാടിയിലെ 3500 മില്ലി മീറ്റർ മഴ കിട്ടുന്ന പ്രദേശം മാത്രമേ ആദിവാസികൾക്ക് കൊടുക്കാൻ പറ്റൂ എന്ന കാര്യത്തിൽ ഈ ഗവൺമെന്റിനു വല്ല ദൃഢ തീരുമാനവുമുണ്ടോ ?

ഡോ. എം. എ. കുട്ടപ്പൻ : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഷോളയൂർ വില്ലേജിൽ 61 ഫാമിലിക്ക് 401 ഹെക്ടറിന്റെ പട്ടയം കൊടുത്തു. പക്ഷേ ആർക്കും പാർക്കാനായില്ല. ആ ഭൂമി വനഭൂമിയാണെന്നു പറഞ്ഞ് സർക്കാർ തന്നെ ഉത്തരവ് ഇറക്കുകയും ചെയ്തു. ഇപ്പോൾ അത് വനഭൂമിയാണ്. ആരും പാർക്കാനുണ്ടാവില്ല. അതുപോലെ തന്നെ പാലക്കാട് ജില്ലയിലെ കോട്ടത്തറയിൽ 114 ഫാമിലിക്ക് 120 ഏക്കർ ഭൂമി കൊടുത്തു. അവിടെയും ഒരാൾ പോലും പാർക്കുന്നില്ല. അതുകൊണ്ടുതന്നെ കേന്ദ്ര സംഘം വന്നപ്പോൾ അവർ പറഞ്ഞത് അഗളിയിലെ ആ ഭൂമി ഡ്രൈയാണ് , അതുകൊടുക്കാൻ പറ്റില്ല എന്നാണ്. But they wanted to get the concerned.....As the team found that areas in Agali is dry and unproductive for agricultural operation എന്നു പറഞ്ഞാൽ അഗളി പ്രദേശത്തെ ഭൂമി കൊള്ളില്ല എന്നാണ് കേന്ദ്ര സംഘം നമ്മെ

LIBRARY ARCHIVES Kerala Legislative Assembly

അറിയിച്ചിരിക്കുന്നത്. അതുകൊണ്ട് മണ്ണാർക്കാട് 3559 ഹെക്ടർ, പാലക്കാട് 50 ഹെക്ടർ, നെൻമാറ 72 ഹെക്ടർ ഇങ്ങനെയാണ് റിവൈസ്ഡ് പ്രൊപ്പോസൽ കൊടുത്തിരിക്കുന്നത്. അഗളിയിലെ ഭൂമി ബുദ്ധിമുട്ടുള്ള ഭൂമിയാണ്.

ശ്രീമതി രാധാരാഘവൻ : സർ, വയനാട് ജില്ലയിൽ 12,000 ആദിവാസികളുണ്ട്. അവർക്കുവേണ്ടി സംസ്ഥാന സർക്കാർ എത്രയും പെട്ടെന്ന് ഭൂമി കൊടുക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ ?

ഡോ. എം. എ. കുട്ടപ്പൻ : ആ കാര്യത്തിൽ ധൃതഗതിയിൽ സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ബംഗാളിലെ ആദിവാസികൾക്കും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും ഭൂമി കൊടുക്കുമ്പോൾ ജോയിന്റ് പട്ടയമായിട്ടാണ് കൊടുക്കുന്നത്. കേരളത്തിലും ഇനി മുതൽ ഭൂമി കൊടുക്കുമ്പോൾ സ്ത്രീയുടെയും, പുരുഷന്റെയും കുടുംബ നാഥന്റെയും കുടുംബനാഥയുടെയും പേരിൽ ജോയിന്റ് പട്ടയം കൊടുക്കാൻ അങ്ങ് തയ്യാറാകുമോ ?

ഡോ. എം. എ. കുട്ടപ്പൻ : ഇപ്പോൾ തന്നെ പട്ടയത്തിൽ സ്ത്രീയുടേയും പുരുഷന്റേയും പേരുണ്ട്.

പ്രൊഫ. എ. ഡി. മുസ്തഫ : സർ, ആദിവാസികൾക്ക് ഭൂമി നൽകാൻ വേണ്ടി ആറളം ഫാം ഏറ്റെടുക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നതായി അങ്ങിവിടെ പ്രസ്താവിക്കുകയുണ്ടായി. അത് എവിടെവരെ എത്തി എന്നു വിശദീകരിക്കാമോ ? കൂടാതെ കൊടുക്കാനുദ്ദേശിക്കുന്ന വന ഭൂമിയിൽ ആറളത്തെ വനഭൂമിയും ഉൾപ്പെട്ടിട്ടുണ്ടോ ?

ഡോ. എം. എ. കുട്ടപ്പൻ : സർ, ആറളം ഭൂമിയുടെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റും കേന്ദ്രഗവൺമെന്റും ചർച്ചയിലാണ്. ഇനി ഇതിൻമേൽ ആക്ട് ചെയ്യേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. കേന്ദ്ര ഗവൺമെന്റ് അതിൻമേൽ ഒരു തീരുമാനമെടുക്കുമെന്ന് വിചാരിക്കുന്നു. താമസിയാതെ മുഖ്യമന്ത്രി കേന്ദ്ര ഗവൺമെന്റുമായി ചർച്ച നടത്തി ഒരു അന്തിമ തീരുമാനം എടുക്കുമെന്നാണ് കരുതുന്നത്. ലഭ്യമാകുന്ന ഭൂമിയുടെ പകുതി ആദിവാസികൾക്ക് കൊടുക്കുന്നതാണ്

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിന് ഗവൺമെന്റ് ഉടമയിലുണ്ടായിരുന്ന ആലക്കോട് ഫാമിലെ 1040 ഏക്കർ ഭൂമി വിതരണം ചെയ്യുന്നതിനുവേണ്ടി ഏറ്റെടുത്തു എന്നാണ് ഒരു ഓർഡറിൽ പറയുന്നത്. എന്നാൽ ഇപ്പോൾ ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്തിട്ടുമില്ല. ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യാൻവേണ്ടി നിശ്ചയിച്ച 1040 ഏക്കർ ഭൂമി ഇപ്പോൾ കൈവശം വയ്ക്കുന്നത് പണ്ടേ നടത്തിക്കൊണ്ടിരുന്ന അതിന്റെ മാനേജരുടെ കൈയിലാണ്. അവർക്കാണെങ്കിൽ ഈ ഭൂമിയിലുള്ള മരം ഉൾപ്പെടെ വിൽക്കുന്നതിനുള്ള സൗകര്യമാണിപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മുൻപ് 20,000 ആളുകൾ മാത്രമേ ആദിവാസികളായിട്ട് അവിടെ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ കരിമ്പാല വിഭാഗത്തിലും മാവില വിഭാഗത്തിലുംപെട്ടവരുൾപ്പെടെ ആദിവാസി വിഭാഗത്തിൽ വന്നതോടുകൂടി 40,000-ളം ആളുകൾ കണ്ണൂർ ജില്ലയിൽ ആദിവാസികളായിട്ടുണ്ട്. ആ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ഗവൺമെന്റ് കൊടുക്കാൻ തീരുമാനിച്ച 1040 ഏക്കർ ഭൂമി എന്നാണ് വിതരണം നടത്തുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരു തീയതി തന്നെ പറയാൻ സാധിക്കുമോ ?

ഡോ. എം. എ കുട്ടപ്പൻ : ആലക്കോട് എസ്റ്റേറ്റിലെ 1040.11.ഏക്കർ വരുന്ന ഭൂമി ഏറ്റെടുക്കാനുള്ള നടപടി വളരെ പുരോഗമിച്ചിട്ടുണ്ട്. അളവ് നടന്നു കൊണ്ടിരിക്കുകയാണ്. അവിടുത്തെ വർക്കേഴ്സിനുള്ള കോംപൻസേഷൻ, മൊത്തം വർക്കേഴ്സിനും ഓഫീസേഴ്സിനുമുള്ള കോംപൻസേഷനുള്ള 2,40,57,040 രൂപ കൊടുത്തു കഴിഞ്ഞിട്ടുണ്ട്. അവരെ ഒഴിവാക്കും. മരത്തിന്റെ വാല്യുവേഷൻ പൂർത്തിയായി. വനം വകുപ്പും കൃഷി വകുപ്പും തമ്മിലുള്ള ഒരു ബുക്ക് അഡ്ജസ്റ്റുമെന്റുണ്ട്. അതുംകൂടി പൂർത്തിയായിക്കഴിഞ്ഞാൽ എത്രയും നേരത്തെ കൊടുക്കാൻ സാധിക്കും ; അധികം താമസിക്കില്ല.

ശ്രീ. എം. എ. ചന്ദ്രശേഖരൻ : സർ, സർക്കാർ ഭൂമി കയ്യേറ്റം നടക്കുന്ന സമയത്ത് തന്നെ മറ്റു ചില വനഭൂമികൾ സംഘടിതമായി കയ്യേറ്റം ചെയ്യുകയായിരുന്നു. ആ ഭൂമി എത്രമാത്രം ഉണ്ടെന്ന് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ; ആ ഭൂമി കേന്ദ്ര ഗവൺമെന്റ് തരാൻ ഉദ്ദേശിക്കുന്ന ഭൂമിയുമായി ബന്ധമുണ്ടോ ?

ഡോ. എം. എ. കുട്ടപ്പൻ : സർ, മുത്തങ്ങ സംഭവത്തിനുശേഷം ആദിവാസി ക്ഷേമസഭയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് പല സ്ഥലത്തും വനഭൂമി കയ്യേറുകയുണ്ടായി. കയ്യേറിയ സമര സമിതിയുമായി ഗവൺമെന്റ് ഒന്നിലേറെ തവണ ചർച്ച നടത്തി, ആ ചർച്ചയിൽ ഇപ്രകാരം ബലമായി വനഭൂമി കയ്യേറിയത് ശരിയല്ല എന്നും നിയമവിരുദ്ധമാണെന്നും അവർ ഇറങ്ങിപ്പോകണമെന്നും ആദിവാസികൾക്ക് ഭൂമി കൊടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ് എന്നൊക്കെ പറഞ്ഞതാണ്. എങ്കിൽപ്പോലും അവർ ഇറങ്ങിപ്പോകാതെ ഇപ്പോഴും അവിടെ ഇരിക്കുകയാണ്. അവസ്ഥ അതാണ്. എങ്കിലും പറയട്ടെ, സംസ്ഥാന ഗവൺമെന്റ് കൊടുക്കുന്ന പ്രൊപ്പോസൽ അത് ഏതൊക്കെ പ്രദേശങ്ങളാണെന്ന് കൃത്യമായി എനിക്ക് ഇപ്പോൾ പറയാൻ ആകില്ല. എന്റെ കൈയിൽ ഇപ്പോൾ രേഖയില്ല.

ശ്രീ. സി. കെ. നാണു: സർ, ഈ റവന്യൂ, ഫോറസ്റ്റ്, പട്ടികജാതി/പട്ടികവർഗ്ഗം എന്നീ വകുപ്പുകളെ സംഘടിപ്പിച്ചുകൊണ്ട്, സഹകരിപ്പിച്ചുകൊണ്ട് ഏത് രൂപത്തിലാണ് ഇപ്പോൾ ഭൂമി സന്നദ്ധമാക്കിയത് എന്നും അതിന്റെ അടിസ്ഥാനത്തിൽ ഈ യോജിച്ചുകൊണ്ടുള്ള ഇതിന്റെ പ്രവർത്തനത്തിന്റെ സ്വഭാവം എന്താണെന്നും അതുപോലെ എത്ര ഏക്കർ ഭൂമി ഇപ്പോൾ കൊടുക്കാനായി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ ? ലഭിച്ചത് കൊടുക്കുന്നത് പിന്നീടുള്ള പ്രശ്നം, എത്ര ഏക്കർ ഭൂമി സർക്കാരിന്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാനായി കൈവശം ഉണ്ട് ; എത്ര ഏക്കർ ഭൂമി ആവശ്യമാണ് ? നേരത്തെ ഇതുസംബന്ധിച്ച് ചോദിച്ചപ്പോൾ അതു സംബന്ധിച്ച് പരിശോധിച്ചിട്ടില്ല എന്നുപറഞ്ഞു. ഫോറസ്റ്റിന്റെ കൈവശമുണ്ടായിരുന്ന, ഇന്ന് ഇപ്പോൾ നിലവിലുള്ള വനമല്ലാത്ത എസ്റ്റേറ്റുകളെ സംബന്ധിച്ച് ചോദിച്ചു, അതും പരിശോധിച്ചില്ല എന്നുപറഞ്ഞു. പിന്നെ എവിടെനിന്ന് ഭൂമി കൊടുക്കുന്നതിനെ സംബന്ധിച്ചാണ് ഫലപ്രദമായി അന്വേഷണം നടത്തുന്നത് ?

ഡോ. എം. എ. കുട്ടപ്പൻ: സർ, ഇക്കാര്യത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പും, റവന്യൂ വകുപ്പും പരസ്പരം സഹകരിച്ചുകൊണ്ട് ലെയ്സൺ ആയിട്ടാണ് അത് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെയൊക്കെ ഫലമായിട്ടാണ് ഇത്രയും ഭൂമി കൊടുക്കുന്നത്. അത് കൂടാതെ തിരുവനന്തപുരം ചെറ്റച്ചൽ 31.96 ഏക്കർ, ഇടുക്കിയിൽ 729, ഏക്കർ അവിടെത്തന്നെ കെ.ഡി.എച്ച് വില്ലേജിൽ 145.20 ഏക്കർ, കോഴിക്കോട് പേരാംബ്രയിൽ 461.57 വട്ടച്ചിറയിൽ 85 ഏക്കർ, വയനാട് കാരാപ്പുഴയിൽ 91.82 ഏക്കർ, കുന്നംകുളം 23 ഏക്കർ, സുഗന്ധഗിരി 3025 ഏക്കർ, പൂക്കോട് 1313 ഏക്കർ, ആലങ്കോട് 1001 ഏക്കർ അങ്ങനെ മൊത്തം ഏതാണ്ട് 7 ലക്ഷത്തി 581.45 ഏക്കർ കൊടുക്കാൻ ഇപ്പോൾ തയ്യാറായിട്ടുണ്ട്. ചുരുങ്ങിയ നാളുകൾക്കകം കൊടുക്കുകയും ചെയ്യും.

ശ്രീ. കെ. കെ. ഷാജു: സർ, 1996-2001 കാലയളവിൽ നമ്മുടെ സംസ്ഥാനത്ത് ഭൂരഹിത ആദിവാസികൾക്ക് പതിച്ചുനൽകിയ ഭൂമി വാസയോഗ്യം ആയിരുന്നോ ; ആ ഭൂമിയിൽ ആരെങ്കിലും ഇന്ന് താമസിക്കുന്നതായി അറിയാമോ ? അതിനെ സംബന്ധിച്ച് വളരെ വിവാദങ്ങൾ നിലനിൽക്കുന്നതുകൊണ്ടാണ് ചോദിക്കുന്നത്.

ഡോ. എം. എ. കുട്ടപ്പൻ: സർ, 1996-2001-ൽ എത്ര ഭൂമി പതിച്ചുകൊടുത്തു എന്നുപറയാൻ എന്റെ കൈയിൽ രേഖയില്ല. നേരെമറിച്ച് 1996-ൽ പാസ്സാക്കിയ നിയമപ്രകാരം കൊടുത്തു എന്നു പറയപ്പെടുന്ന ഭൂമിയിൽ ഒരു ആദിവാസി പോലും പാർക്കുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം.

ശ്രീ. വർക്കല കഹാർ: സർ. ഈ വനഭൂമി ഇതുവരെ കൊടുത്തിട്ടുള്ള ആദിവാസികൾക്ക് താമസത്തിനും, കൃഷിക്കും കൃഷിയിൽ നിന്നും ആദായം കിട്ടുന്നതുവരെ ഉപജീവനത്തിനും എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ?

ഡോ. എം. എ. കുട്ടപ്പൻ: സർ, ഇതിനോടകം തന്നെ റീഹാബിലിറ്റേഷനു വേണ്ടി എല്ലാ സ്ഥലങ്ങളിലുമായി 5,82,13,560 രൂപ മൊത്തം നൽകിയിട്ടുണ്ട്. ഇതുകൂടാതെ വയനാട് സുഗന്ധഗിരി കാർഡമം പ്രോജക്ടിന്റെ കടം തീർക്കാൻ വേണ്ടി രണ്ട് കോടി രൂപ കൊടുത്തു. ജില്ലാ കളക്ടർക്ക് ബാദ്ധ്യത തീർക്കാൻ വേണ്ടി രണ്ടരക്കോടി രൂപ കൊടുത്തു, ഇതുകൂടാതെ പ്ലാന്റേഷൻ കോർപ്പറേഷന് രണ്ടരക്കോടി രൂപ കൊടുത്തു. ചുരുക്കിപ്പറഞ്ഞൽ ഉള്ള സാംപത്തിക ബാദ്ധ്യത തീർത്തുകൊണ്ടേയിരിക്കുകയാണ്. എവിടെയൊക്കെയാണോ ഭൂമി കണ്ടെത്തിയത് ആ പ്രദേശത്തുള്ള ആളുകൾക്കുവേണ്ടി, ഉദാഹരണമായി ഇപ്പോൾ മറയൂരിൽ സോളാർ സെൻസിംഗിനു വേണ്ടി 6.99 ലക്ഷം രൂപ, കുടിവെള്ളം 29.7 ലക്ഷം രൂപ, ഹൗസിംഗ് 75,000 വച്ച് 181 ലക്ഷം രൂപ, ചുരുക്കിപ്പറഞ്ഞാൽ എല്ലാ പ്രദേശങ്ങളിലും റീഹാബിലിറ്റേഷനുവേണ്ടി റോഡ്, കുളം എന്നിവയ്ക്കു വേണ്ടി പൈസ മുടക്കിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, നിബിഡ വനഭൂമിയല്ലാത്ത വനഭൂമി ആദിവാസി കുടുംബങ്ങൾ ധാരാളം കൈവശംവച്ച് താമസിച്ചു വരുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറയുകയുണ്ടായി സുഗന്ധഗിരിയുടെ കൈവശാവകാശം നിലനിർത്തുകയാണ് എന്ന്. അങ്ങനെ ഇപ്പോൾ കൈവശം വച്ച് താമസിച്ചുവരുന്ന നിബിഡ വനഭൂമിയല്ലാത്ത വനഭൂമിയിലെ കുടുംബങ്ങളെ, അവർക്ക് പട്ടയം നൽകുന്നതുവരെ അവിടെത്തന്നെ നിലനിർത്തുന്നതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുമോ ?

ഡോ. എം. എ. കുട്ടപ്പൻ: സർ, ഇപ്രകാരം ഒരു ഉത്തരവു തന്നെ 1997-ലെ ഗവൺമെന്റ് ഇറക്കി. ഈ ഉത്തരവു പ്രകാരം ആദിവാസികളുടെ കൈവശം എത്ര വനഭൂമിയുണ്ടോ അത്രയും വനഭൂമിക്ക് റിക്കോർഡ് കൊടുക്കും. അതിനുവേണ്ടി ഫോറസ്റ്റ്, റവന്യൂ ഉദ്യോഗസ്ഥരുടെ ജോയിന്റ് ലവൽ കമ്മിറ്റിയും ഉണ്ടാക്കി. പക്ഷെ ആക്ട് ചെയ്തില്ല, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫോറസ്റ്റ്, റവന്യൂ, ട്രൈബൽ വകുപ്പിന്റെ ജോയിന്റ് ലവൽ കമ്മിറ്റി ഇപ്പോൾ ഉത്തരവ് ഉണ്ടാക്കിയിട്ടുണ്ട്. അധികം താമസിയാതെ തന്നെ പടിപടിയായി വനത്തിൽ പാർക്കുന്ന നിബിഡ വനം ഒഴികെ ബാക്കിയുള്ള ഭൂമിയിൽ താമസിക്കുന്ന മുഴുവൻ ആളുകൾക്കും കൈവശാവകാശം കൊടുക്കുകയും ചെയ്യും.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ സർക്കാരിനെ മുൾമുനയിൽ നിർത്തി എത്രയും പെട്ടെന്ന് വനഭൂമി വിട്ടുകൊടുക്കാനുള്ള പ്രധാനപ്പെട്ട തടസ്സം എന്നുപറയുന്നത് 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ടാണ്. ഈ ആക്ടിലെ പ്രൊവിഷൻ അനുസരിച്ച് 77 ആണ് കട്ട് ഓഫ് ഡേറ്റ്. 77-നു മുമ്പ് ഏതെങ്കിലും തരത്തിൽ എഗ്രിമെന്റ് ഉണ്ടെങ്കിൽ ഭൂമി വിട്ടുകൊടുക്കാം. കേരള ഗവൺമെന്റ് 1971-ലെ Vesting and Assignment Act അനുസരിച്ചുള്ള ഭൂമി ആദിവാസികൾക്ക് വിട്ടുകൊടുക്കാനുള്ള പ്രൊവിഷൻ ഉണ്ടെന്ന് കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്തിയതു കൊണ്ടാണ് ഇപ്പോൾ കേന്ദ്ര സംഘം കേരളത്തിലേക്ക് വന്നിരിക്കുന്നത്. ഇപ്പോൾ കൊടുക്കാൻ പോകുന്ന റിവൈസ്ഡ് പ്രൊപ്പോസൽ വനങ്ങളും അതുപോലെതന്നെ ecologically fragile ആയ പാരിസ്ഥിതികമായി ദുർബലമായ പ്രദേശങ്ങളുമാണ്. അത് കൊടുക്കാൻ കഴിയില്ല. അത് എത്ര ഉണ്ട് ? ഗവൺമെന്റ് 25,000 ഏക്കർ കേന്ദ്ര വനഭൂമി ആവശ്യപ്പെട്ടതിൽ എത്ര ഭൂമി നിബിഡവനവും പാരിസ്ഥിതികമായി ദുർബലമായ വനപ്രദേശങ്ങളും ഉണ്ടെന്നാണ് തീരുമാനിച്ചിട്ടുള്ളത് ?

ഡോ. എം. എ. കുട്ടപ്പൻ: സർ, അങ്ങനെ പാരിസ്ഥിതികമായി fragile ആയിട്ടുള്ള സ്ഥലവും നിബിഡമായി റീ-ഗ്രോത്തുള്ള പ്രദേശങ്ങളും ഒഴിവാക്കാനാണ് ഉദ്ദേശിക്കുന്നത്. ആ പ്രദേശങ്ങളെ ഒഴിവാക്കിക്കൊണ്ടാണ് റിവൈസ്ഡ് പ്രൊപ്പോസൽ. കൃത്യമായി എത്ര ഏക്കറാണെന്ന് എനിക്ക് പറയാനാവില്ല.

ശ്രീ. സി. മൊയിൻകുട്ടി: സർ, കഴിഞ്ഞകാല ഗവൺമെന്റുകൾ നൽകിയ പട്ടയം അനുസരിച്ച് ആ ഭൂമിയിൽ ജീവിച്ചുവന്നവർക്ക് പലപ്പോഴും ഇടത്തട്ടുകാരുടെയും മറ്റും ദുഷ്യത്തിന് വിധേയമായി ഭൂമി നഷ്ടപ്പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ പുതുതായി നൽകുന്ന ഭൂമി ഒരു കാരണവശാലും അവർക്ക് നഷ്ടപ്പെടുകയില്ല എന്നുള്ള നിയമം കൊണ്ടുവരാൻ സർക്കാരിന് ഉറപ്പു പറയാൻ സാധിക്കുമോ ?

ഡോ. എം. എ. കുട്ടപ്പൻ : സർ, ഇപ്പോൾത്തന്നെ ഒരു നിയമത്തിന്റെ അടിസ്ഥാനത്തിലാണ് കൊടുക്കുന്നത്. 1960-ലെ ലാന്റ് അസൈൻമെന്റ് ആക്ട് അനുസരിച്ചും ഗവൺമെന്റ് ചട്ടം ഇറക്കിയിട്ടുണ്ട് ; ഈ ഭൂമി കൈമാറ്റം ചെയ്യാൻ പാടില്ല എന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാലും മാറി പോകുന്നുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്.

ശ്രീ. വി. കെ. ചന്ദ്രൻ : സർ., ബഹുമാനപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രി 9-7-2003-ന് 454-ാം നമ്പർ ചോദ്യത്തിന് തന്ന മറുപടിയിൽ പറയുന്നത് കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന് ഭൂമി വിട്ടുതന്നപ്പോൾ ആവശ്യപ്പെട്ട ചില വ്യവസ്ഥകൾ ഉണ്ട്. ആ ഏഴ് വ്യവസ്ഥകളിൽ ഒരു വ്യവസ്ഥ ഇതുപോലുള്ള ആവശ്യങ്ങൾക്ക് സംസ്ഥാന സർക്കാർ ഇനിയും വനഭൂമി ആവശ്യപ്പെട്ടിട്ടില്ല എന്ന് ഉറപ്പാക്കണം എന്നാണ്. ഇങ്ങനെ ഒരു ഉറപ്പ് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇനിയും ഭൂമി കിട്ടാൻ ബാക്കിയുള്ള ആദിവാസികൾക്ക് ഭൂമി കിട്ടാതിരിക്കാനുള്ള ഒരു ഉറപ്പല്ലേ ഇപ്പോൾ നൽകിയിട്ടുള്ളത് ? അതിനെ സംബന്ധിച്ച് ഗവൺമെന്റ് പുനഃപരിശോധിക്കുമോ ?

ഡോ. എം. എ. കുട്ടപ്പൻ: സർ, ഈ വിഷയം സംബന്ധിച്ച ഫയൽ സർക്കുലേഷനിലാണ്. അത് കഴിഞ്ഞ് വന്നിട്ട് മിക്കവാറും ക്യാബിനറിൽ വച്ച് തീരുമാനം എടുക്കേണ്ടിവരും. തീരുമാനം ഇപ്പോൾ കൊടുത്തിട്ടില്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ: ആരെന്തു പറഞ്ഞാലും ഈ കഴിഞ്ഞ രണ്ടു വർഷമാണ് ആദിവാസികളുടെ ക്ഷേമത്തിനും അവർക്ക് ഭൂമി നൽകുന്നതിനും വേണ്ടിയുള്ള ശക്തവും ആത്മാർത്ഥവുമായ നടപടി ഉണ്ടായിട്ടുള്ളത്. 1971-ൽ സംസ്ഥാന ഗവൺമെന്റ് നിയമം പാസ്സാക്കി എന്നുപറഞ്ഞാൽപ്പോലും ഈ രണ്ടു വർഷം നടന്നതുപോലെ ഒരിക്കലും നടന്നിട്ടില്ല. എന്റെ ചോദ്യം കേന്ദ്ര ഗവൺമെന്റിന്റെ അനുവാദത്തിനുവേണ്ടി നമ്മുടെ ആറളം ഫാം ആദിവാസികൾ ആവശ്യപ്പെട്ടിട്ടുണ്ട്. ആറളം ഫാം വിട്ടുകൊടുക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ നാം അനുവാദം ചോദിച്ചിരുന്ന സാഹചര്യത്തിൽ അതിന് എതിരായിട്ട് ആറളം ഫാം മുഴുവൻ വിട്ടുകൊടുക്കുന്നതിന് എതിരായി എന്തെങ്കിലും നീക്കങ്ങൾ ഇവിടെ നടത്തുന്നതായിട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഡോ. എം. എ. കുട്ടപ്പൻ : കേരളത്തിലെ ചില എം. പി.-മാർ ഇതിന് എതിരായി പറഞ്ഞു എന്നുള്ള വിവരം സഭയിൽ വെളിപ്പെടുത്തിയതാണ്. അങ്ങനെയായിരുന്നു എങ്കിലും മാർക്സിസ്റ്റ് പാർട്ടിയുമായിട്ട് ബന്ധപ്പെട്ടുനിൽക്കുന്ന എ.കെ.എസ്. ക്ഷേമസമിതി ഇത് പാടില്ല ; കൊടുക്കണം എന്നുതന്നെ ആവശ്യപ്പെട്ടിട്ടുണ്ട്. എം.പി.മാരുടെ അഭിപ്രായം അതാണെങ്കിൽ പോലും.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ചന്ദ്രൻ: സർ, ആദിവാസികൾക്ക് ഭൂമി നൽകാൻ, ഭൂമി കണ്ടുപിടിക്കാനുള്ള ശ്രമത്തിലാണല്ലോ നമ്മൾ ഈ സന്ദർഭത്തിൽ കേരളത്തിൽ മിച്ചഭൂമികൾ ഇനിയും കുറേ തിട്ടപ്പെടുത്താനും കൈവശപ്പെടുത്താനും ഉണ്ട്. ഇത് സമയബന്ധിതമായിട്ടെടുത്ത് ആദിവാസി കുടുംബങ്ങൾക്ക് കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഡോ. എം. എ. കുട്ടപ്പൻ: കിട്ടാവുന്ന മിച്ചഭൂമിയൊക്കെത്തന്നെ റവന്യു വകുപ്പുമായി കൂടിയാലോചിച്ച് ഇവർക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ആദിവാസി ഭൂമി വിതരണത്തിൽ ഗവൺമെന്റിന്റെ നടപടി തികച്ചും സംശയം ഉണ്ടാക്കുന്നതാണ്. കാരണം എന്താണെന്നുവച്ചാൽ ഇപ്പോൾ മറ്റ് ഭൂമികൾ അന്വേഷിച്ചുനടക്കുകയാണ്. ഇടുക്കി ജില്ലയിലെ കോലാഹലമേട്ടിൽ ഗവൺമെന്റ് ഭൂമിയുണ്ട്, K.L.D.M.M ബോർഡിന്റെ ഭൂമിയുണ്ട്, കാർഷിക സർവകലാശാലാ ഭൂമിയുണ്ട്. സോഷ്യൽ ഫോറസ്ട്രിയുടെ ഭൂമിയുണ്ട്, ഈ ഭൂമിയിൽ വൻകിടക്കാർ കൈയേറി റിസോർട്ടും മറ്റും സ്ഥാപിക്കുകയും അവിടെ ധാരാളം വ്യാജപ്പട്ടയം സമ്പാദിച്ചു കൊണ്ടിരിക്കുകയുമാണ്. ഈ സമയത്ത് ഗവൺമെന്റിന് അത്തരം കുടിയേറ്റക്കാരെ ഒഴിവാക്കാനും ഭൂരഹിതരായിട്ടുള്ളവർക്ക് ഭൂമി കൊടുക്കാനും ഉള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് പോകുന്നത് ?

ഡോ. എം. എ. കുട്ടപ്പൻ: ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി എടുത്തുകൊണ്ടിരിക്കുന്നത്. അവർ അങ്ങനെ റിപ്പോർട്ട് ചെയ്യുകയാണെങ്കിൽ അക്കാര്യം പരിശോധിക്കാം.

ശ്രീ. എ. സുജനപാൽ: കാടിന്റെ മക്കളാണ് ആദിവാസികൾ. ആദിവാസികളുടെ അടിസ്ഥാന നയത്തിലുള്ള ഒരു വൈകല്യത അവരെ പ്രകൃതിയിൽ നിന്നും അകറ്റുന്ന രൂപത്തിലുള്ള നയമാണ് പലപ്പോഴും ഗവൺമെന്റിന്റെ ഭാഗത്ത്നിന്ന് ഉണ്ടാകുന്നത്. കോടിക്കണക്കിന് രൂപ ആദിവാസികൾക്കുവേണ്ടി ചെലവഴിക്കുന്നതുകൊണ്ട്, കേരളത്തിലെ വനസംരക്ഷണത്തിനുവേണ്ടി, കാരണം ഒരുപാട് വനങ്ങൾ വനവൽക്കരണത്തിനു വേണ്ടിയും വനസംരക്ഷണത്തിനുവേണ്ടിയുമൊക്കെ ആദിവാസികൾ ഉപയോഗപ്പെടുത്തുകയാണെങ്കിൽ തീർച്ചയായും ആദിവാസികളുടെ ഇടയിലുള്ള പട്ടിണി പൂർണമായും ദൂരീകരിക്കാൻ സാധിക്കും. അതുകൊണ്ട് ആദിവാസികളുടെ സേവനം കേരളത്തിലെ വനസംരക്ഷണത്തിനും വനവൽക്കരണത്തിനുംവേണ്ടി ഉപയോഗിക്കാവുന്ന രീതിയിൽ ഒരു സമഗ്ര പദ്ധതി ഗവൺമെന്റ് ആവിഷ്ക്കരിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഡോ. എം. എ. കുട്ടപ്പൻ : സർ, ആദിവാസി ക്ഷേമം സംബന്ധിച്ച് രണ്ട് School of thoughts ഉണ്ട്. ഒന്ന് ആദിവാസികളെ അവരുടെ പാട്ടിന് വിടുക, വനത്തിൽ വിട്ടേയ്ക്കുക, അങ്ങനെ ഒരു ചിന്താഗതിയുണ്ട്. മറിച്ച് ആദിവാസികളെ മുഖ്യധാരയിൽ കൊണ്ടുവരിക, രണ്ടിനും ശരിയുമുണ്ട് തെറ്റുമുണ്ട്. വനത്തിൽ പാർക്കുന്നവർ അവിടെ പാർക്കട്ടെ. അല്ലാത്തവർ പോകട്ടെ. പടിപടിയായി നമുക്ക് അത് നോക്കാം. അവർക്ക് വിവിധങ്ങളായ സ്കീമുകൾ ആവിഷ്ക്കരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഈ വിഷയത്തെക്കുറിച്ച് ആന്റമാനിൽ വച്ച് ഒരു കോൺഫറൻസ് നടത്തി, ഇതിന്റെ എക്സ്പെർട്ട്സ് ഇതിൽ സംബന്ധിച്ചിരുന്നു, ആ കോൺഫറൻസിൽ പങ്കെടുത്ത വിദഗ്ദ്ധൻമാരുടെ അഭിപ്രായം Leave them alone, പക്ഷെ അവിടെ they are the forest എന്നാണ്, അവിടത്തെ ഫോറസ്റ്റ് നല്ല ഫോറസ്റ്റാണ്. അവർക്ക് യാതൊരു തരത്തിലുള്ള ബുദ്ധിമുട്ടും ഇല്ല. ഇഷ്ടംപോലെ മൃഗങ്ങളും ആഹാരവുമുണ്ട്.

ശ്രീ. എം. കുമാരൻ : ആദിവാസി പുനരധിവാസ മിഷൻ രൂപീകരിച്ചിട്ടുണ്ട്. ഈ മിഷന്റെ ദൗത്യം ഭൂരഹിതരായ ആളുകൾക്ക് ലഭ്യതയ്ക്ക് അനുസരിച്ച് ഒരു ഏക്കറിൽ കുറയാതേയും അഞ്ച് ഏക്കർ ഭൂമിയും വിതരണം ചെയ്യുമെന്നും അതുപോലെതന്നെ അവരെ പുനരധിവസിപ്പിക്കുമെന്നും അവരുടെ ക്ഷേമപ്രവർത്തനങ്ങൾ നടത്തുമെന്നുമൊക്കെയാണ്. എന്നാൽ ഈ മിഷൻ രൂപീകരിച്ചതിനുശേഷം അതിന്റെ പ്രവർത്തനങ്ങൾ ഗവൺമെന്റ് വിലയിരുത്തിയിട്ടില്ല. ആദിവാസികൾക്ക് അവരുടെ ജീവിതസാഹചര്യങ്ങളോട് പൊരുത്തപ്പെട്ടുപോകാൻ കഴിയാത്ത ഭൂമിയാണ് ഇന്ന് കൊടുത്തിട്ടുള്ളത്. അതിനെക്കുറിച്ച് വെരിഫിക്കേഷൻ നടത്താൻ തയ്യാറാകുമോ ?

ഡോ. എം. എ. കുട്ടപ്പൻ: 2001 ഒക്ടോബർ മാസം ട്രൈബൽ മിഷൻ രൂപീകരിച്ചിട്ടുണ്ട്. ആ പ്രവർത്തനം മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. ആദിവാസികൾക്കുകൂടി സ്വീകാര്യമായ ഭൂമിയാണ് കണ്ടെത്തുന്നത്. സാധാരണഗതിയിൽ അവരെ പറിച്ചുനട്ടാൽ അവർ പോകാറില്ല. എങ്കിലും അവർക്കുകൂടി സൗകര്യമുള്ള ഭൂമി കണ്ടെത്താനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതുവരെ കൊടുത്ത ഭൂമിയിൽ അവർ കേറികൊണ്ടിരിക്കുകയാണ്. വലിയ തടസ്സം ഉണ്ടായിട്ടില്ല.

ശ്രീ. പി. ടി. തോമസ്: മുത്തങ്ങയിൽ ഭൂമി കൈയേറിയ ജാനുവിനേയും കൂട്ടരേയും അടിച്ചിറക്കാത്ത പോലീസിന്റെ നടപടിയിൽ പ്രതിഷേധിച്ച് നൂൽപ്പുഴ പഞ്ചായത്തിൽ സി.പി.എം.-ന്റെ നേതൃത്വത്തിൽ നടത്തിയ ഹർത്താൽ ആണല്ലോ പിന്നീട് വെടിവയ്പ്പിലേക്ക് നയിച്ചത്. ആദിവാസികൾക്ക് ഭൂമി കൊടുക്കാനുള്ള നല്ല നടപടികൾക്ക് സംസ്ഥാന ഗവൺമെന്റ് രാഷ്ട്രീയ പിൻബലം നേടാത്തതിലുള്ള പ്രതിഷേധം സി.പി.എം. അടക്കമുള്ള സംഘടിതപാർട്ടികൾക്ക് ഉണ്ട്. എന്റെ ചോദ്യം, 40 കൊല്ലമായി സിപി.എം. അടക്കിഭരിക്കുന്ന വയനാട്ടിലെ തിരുനെല്ലി പഞ്ചായത്തിലാണ് ഇന്ന് ഏറ്റവും കൂടുതൽ ആദിവാസികൾ പിന്നോക്കാവസ്ഥയിലുള്ളത്. ഇത്തരം നല്ല കാര്യങ്ങൾ നടപ്പിലാക്കുമ്പോൾ ആദിവാസികളുടെ പുകമറ സൃഷ്ടിക്കുന്ന സി.പി.എം. അടക്കമുള്ള ആളുകളെ വിശ്വാസത്തിൽ എടുക്കാത്ത നടപടിയാണല്ലോ ഈ കുഴപ്പങ്ങൾക്ക് കാരണം. അതിനുവേണ്ടി എന്ത് നടപടിയെടുക്കാൻ തീരുമാനിച്ചു ?

ഡോ. എം. എ. കുട്ടപ്പൻ : അതിന്റെ രാഷ്ട്രീയ വശം ഞാൻ പറയുന്നില്ല. മാർക്സിസ്റ്റ് പാർട്ടി ആയാലും കൊള്ളാം, ജനു സംഘടനയായാലും കൊള്ളാം ആദിവാസി സംഘടനകളാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിനെ മുഖവിലയ്ക്കെടുക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി.സ്പീക്കർ: ചോദ്യോത്തരവേളയിൽ കഴിയുന്നതും രാഷ്ട്രീയം ഒഴിവാക്കണം.

ശ്രീ. പിരപ്പൻകോട് മുരളി: തിരുവനന്തപുരം ജില്ലയിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി കൊടുക്കാൻവേണ്ടി ചെറ്റച്ചൽ ജഴ്സി ഫാമിൽ നിന്ന് 100 ഏക്കർ ഭൂമി വിട്ടുകൊടുക്കാമെന്ന് കൃഷിവകുപ്പ് സമ്മതിച്ചതായി ഞാൻ മനസ്സിലാക്കുന്നു. അതിൽ 25 ഏക്കർ ഇപ്പോൾ വിട്ടുകൊടുത്തിട്ടുണ്ട്. ഏതാണ്ട് ഒരു ഏക്കറിന് താഴെ ഭൂമിയുള്ളവർ നൂറിന് താഴെ മാത്രമേ ജില്ലയിലുള്ളു എന്നാണ് അപേക്ഷയിൽനിന്ന് മനസ്സിലാക്കാൻ സാധിച്ചത്. ഭൂമി ഇല്ലാത്തവരുടെ 25 പേരുടെ ലിസ്റ്റും തയ്യാറായിട്ടുണ്ട്. ഈ ഭൂമി വിതരണം ചെയ്യാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്, എന്നേക്ക് അത് വിതരണം ചെയ്യാൻ പറ്റും ?

ഡോ. എം. എ. കുട്ടപ്പൻ: അവിടെ ഏതാണ്ട് 28.47 ഏക്കർ ഭൂമി കിട്ടിയിട്ടുണ്ട്. 16 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു, പക്ഷേ, ആ ഭൂമിയിൽ അങ്ങയുടെ പാർട്ടിയിൽപ്പെട്ട എൺപതോളം ആളുകൾ കുടിയേറിപ്പാർത്തിരിക്കുകയാണ്. എന്തുചെയ്യാൻ സാധിക്കും ? ഇറങ്ങിപ്പോകുന്നില്ല.

ശ്രീ. എ. കെ. ബാലൻ : ചെയറിൽ നിന്നുള്ള ഒബ്സർവേഷനാണ് ഏറ്റവും പ്രധാനപ്പെട്ടത്. ഇപ്പോൾ നിയമംകൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ പറ്റുകയില്ല എന്നുള്ളത് നമുക്കെല്ലാം ബോദ്ധ്യപ്പെട്ടതാണ്. 1975-ലെ നിയമം കൊണ്ട് ഒരു ഗുണവും ഉണ്ടായിട്ടില്ല. 1999-ലെ നിയമം കൊണ്ടും ഒരു ഗുണവും ഉണ്ടായിട്ടില്ല. നിയമം കൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ പറ്റുകയില്ല. ഒരേ ഒരു വഴി വെസ്റ്റഡ് ഫോറസ്റ്റിലും റിസർവ്ഡ് ഫോറസ്റ്റിലും ആദിവാസികളോട് കയറാൻ പറയുക, ഒരേക്കർ ഭൂമി കൈവശം കൊടുക്കുക, ടൈറ്റിൽ കൊടുക്കണ്ട, അവിടെ ഭക്ഷണം വച്ച് അവർ തിന്നോട്ടെ, പോലീസ് നോക്കി നിൽക്കുക, ഫോറസ്റ്റ് നോക്കിനിൽക്കുക, അര മണിക്കൂർ കൊണ്ട് പ്രശ്നം പരിഹരിക്കാൻ പറ്റുന്നതാണ്. അതാണ് ബഹുമാനപ്പെട്ട സ്പീക്കർ നേരത്തെ പറഞ്ഞത്. അതിനാവശ്യമായ നിലപാട് തന്റേടത്തോടുകൂടി എടുത്താൽ ഈ ഭൂമി പ്രശ്നം അവസാനിപ്പിക്കാം. നിയമംകൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ പറ്റുമെന്ന് ധരിക്കണ്ട, ആദിവാസികളുടെ ഭൂമിയാണ് വനഭൂമി. അവിടെ കയറാൻ പറയുക, ഒരേക്കർ കൈവശം കൊടുക്കുക, ഒരു വീട് വച്ചുകൊള്ളട്ടെ, എന്തെങ്കിലും ഉണ്ടാക്കി തിന്നുകൊള്ളട്ടെ, അവരെ വിട്ടേയ്ക്കുക, അതാണ് നേരത്ത സ്പീക്കർ പറഞ്ഞത്. അത് ബഹുമാനപ്പെട്ട മന്ത്രി അംഗീകരിക്കുന്നുണ്ടോ ? ആ രൂപത്തിൽ ശക്തമായ നിലപാട് ഗവൺമെന്റ് എടുക്കുമോ ?

ഡോ. എം. എ. കുട്ടപ്പൻ: കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇത് ചെയ്യാമായിരുന്നു ഈ സർക്കാരിന് ചെയ്യാൻ ബുദ്ധിമുട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly